

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. KS

Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/01/2026

1. കൃഷിയിൽ ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ ഉപയോഗവും വിള ഉൽപ്പാദനവർദ്ധനവും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ ഓൺലൈൻ അപേക്ഷാ സംവിധാനം ജനുവരി 7ന് ആരംഭിക്കും. കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഇന്ന് (2026 ജനുവരി 7) രാവിലെ 11.30ന് ഗവൺമെന്റ് സെക്രട്ടേറിയറ്റ്, അനക്സ് – II, നവ കൈരളി ഹാളിൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്.) പോർട്ടലിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കും. പുതുതായി നടപ്പിലാക്കുന്ന ഓൺലൈൻ അപേക്ഷാ സംവിധാനത്തിലൂടെ കർഷക രജിസ്ട്രേഷൻ, അപേക്ഷ സമർപ്പണം, പരിശോധന, സബ്സിഡി പ്രോസസിംഗ്, പദ്ധതികളുടെ പുരോഗതി നിരീക്ഷണം എന്നിവയെല്ലാം ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ തന്നെ സാധ്യമാകും. പൂർണ്ണമായും ഓൺലൈൻ മാനേജ്മെന്റ് സംവിധാനം നിലവിൽ വരുന്നത് കർഷകർക്കും ഉദ്യോഗസ്ഥർക്കും ഒരുപോലെ സൗകര്യപ്രദമായ സേവനം ഉറപ്പാക്കുന്നു.

2. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാളികേര വികസന ബോർഡ് തെങ്ങ് കൃഷിയിലും നാളികേരാധിഷ്ഠിത വ്യവസായത്തിലും മികവ് പുലർത്തുന്നവരെ അംഗീകരിക്കുന്നതിനായി രണ്ടു വർഷത്തിലൊരിക്കൽ നല്കി വരുന്ന ദേശീയ അവാർഡുകൾക്ക് അപേക്ഷകൾ ക്ഷണിച്ചു. രാജ്യത്തെ പരമ്പരാഗതമായി തെങ്ങു കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, പരമ്പരാഗതമായി തെങ്ങു കൃഷി ഇല്ലാത്ത സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, മികച്ച നാളികേര സംസ്കരണ സംരംഭകൻ, മികച്ച നാളികേര വിജ്ഞാന വ്യാപന ഉദ്യോഗസ്ഥൻ, മികച്ച തെങ്ങ് കയറ്റക്കാരൻ, സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള മികച്ച നാളികേര സംസ്കരണ യൂണിറ്റ് എന്നിങ്ങനെ ആറു വിഭാഗങ്ങളിലായാണ് അവാർഡ് നല്കുക. നാളികേര കൃഷിയുടെയും വ്യവസായത്തിൻറയും മേഖലകളിൽ മികച്ച സംഭാവനകൾ നൽകുന്ന പ്രതിഭകളെ പുരസ്കാരം നൽകി ആദരിക്കുക എന്നതാണ് അവാർഡു വിതരണത്തിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത്. coconutboard.gov.in എന്ന വിലാസത്തിൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2026 ജനുവരി 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് ബോർഡിന്റെ വെബ്സൈറ്റായ www.coconutboard.gov.in സന്ദർശിക്കാവുന്നതാണ്.

3. കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് 2025 റാബി-II സീസൺ പദ്ധതിയിലേക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ജനുവരി 15 വരെ ദീർഘിപ്പിച്ചു. കാലാവസ്ഥ വ്യതിയാനങ്ങൾ മൂലമുള്ള കൃഷിനാശത്തിൽ നിന്നും കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്നത് ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. കൂടുതൽ വിവരങ്ങൾക്ക്: www.pmfby.gov.in സന്ദർശിക്കുക അല്ലെങ്കിൽ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. തലയോലപ്പറമ്പ് മൃഗസംരക്ഷണം പരിശീലന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി മാസം കർഷകർക്കായി വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. ജനുവരി 9 ന് അടുക്കള മുറ്റത്തെ കോഴിവളർത്തൽ -ആധുനിക പ്രവണതകൾ, 12 ന് സുസ്ഥിര ഡയറി ഫാമിംഗ്-അടിസ്ഥാന ആവശ്യകത, 21 ന് ആദായകരമായ പോത്ത്

വളർത്തൽ, 23 ന് തെരുവുനായ നിയന്ത്രണവും സാമൂഹിക പ്രശ്നങ്ങളും എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ 04829-234323 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"മുയൽ വളർത്തൽ"** എന്ന വിഷയത്തിൽ 09/01/2026 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

## കാർഷിക നിർദേശം

6. വിഷു വിപണി കണക്കാക്കിയുള്ള പച്ചക്കറികൾ നടാൻ സമയമായി. നീർവാർച്ചയുള്ള, തുറസ്സായ സ്ഥലങ്ങൾ വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് തെരഞ്ഞെടുക്കണം. വെള്ളരി, പാവൽ, പടവലം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കുമ്പളം, മത്തൻ, പയർ എന്നിവയ്ക്ക് തടം കോരി, ചപ്പുചവറിട്ട് കത്തിച്ച് മണ്ണ് തണുത്തതിനുശേഷം അരിക് വശം കൊത്തിയിറക്കി സെന്റൊന്നിന് രണ്ടരകിലോ കുമ്മായം ചേർത്തിളക്കി ഒരാഴ്ച്ചയ്ക്ക് ശേഷം ജൈവവളം ചേർത്ത് വിത്തിടാം. വഴുതന, മുളക്, ചീര എന്നിവയുടെ വിത്ത് പാകി മുളപ്പിച്ച ശേഷം തൈകൾ മേൽ പറഞ്ഞ പ്രകാരം നിലമൊരുക്കി പറിച്ചു നട്ടാൽ മതിയാകും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം